**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 511** **10-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക ക്ലേശത്തിനിടയിലും ക്ഷേമപെൻഷൻ അനുവദിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കൾ ഇതിനോടകം അനുവദിച്ച് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളതാണ്. നിലവിൽ മൂന്നു മാസത്തെ പെൻഷനാണ് കുടിശ്ശികയായി അനുവദിക്കുവാനുള്ളത്. ടി കുടിശ്ശിക അടുത്ത സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.** |
| (ബി) | സംസ്ഥാനത്ത് എല്ലാ വർഷവും ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് | (ബി) | **സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന** |

| | | | |
|---|---|---|---|
| | നിർബന്ധമാക്കിയിട്ടുണ്ടോ; ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിന് നിലവിലെ മസ്റ്ററിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുമോ; വിശദമാക്കുമോ; | | **നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ നിർബന്ധമാക്കിയിരിക്കുന്നത്. മരണപ്പെട്ടവരെയും രണ്ടിലധികം പെൻഷൻ വാങ്ങുന്ന അനർഹരെയും കണ്ടെത്തി ഒഴിവാക്കുന്നതിനു വേണ്ടിയാണ് മസ്റ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.**<br><br>**2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023, 2024 എന്നീ വർഷങ്ങളിൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. നിലവിലെ മസ്റ്ററിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്ന വിഷയം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.** |
| (സി) | അനധികൃതമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | **അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024 തീയതിയിലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ, ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% സാധാരണ പലിശ നിരക്കിൽ, പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ